032:1M70:11 F2

KALYANI KALYANAM

KUNJI KRISHNA MENON

MUL
041952

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:1M70:11 F2

Accession Number 41952

Available for loan from

This book should be returned on or before
the date last marked below.

# കല്യാണീകല്യാണം

(രൂപകം)

ഗ്രന്ഥകർത്താവ്

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. ഏ.

31 JAN 19 8

പ്രസാധകൻ

കെ. ശങ്കരൻമൂസ്സത്.

'ജ്ഞാനസാഗരം പുസ്തകശാലാ' ഉടമസ്ഥൻ

തൃശ്ശിവപേരൂർ.

1098.

(പകർപ്പവകാശം)

വാണീകളേബരം പ്രസ്സ്— തൃശ്ശിവപേരൂർ.

41952
032: 1M70: 11
F2

# കല്യാണീകല്യാണം

## ഭാഷാനാടകം

ശ്രീഭഗവത്യൈനമഃ

സുകൃതിജനമനസ്സിൽ സൂക്ഷ്മമാം ജ്ഞാനമായും
വികൃതികളുടെ ചിത്തേ ശുദ്ധമേ മായയായും
അകൃതകമഹിമാവോടുജ്ജ്വലിക്കുന്ന സാക്ഷാൽ
പ്രകൃതിയുടെ വിലാസം നിങ്ങളെ കാത്തിടട്ടേ.

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചു മുൻഭാഗത്തേയ്ക്കു നോക്കി തൊഴുതുകൊണ്ടു്)

ചാണയ്ക്കിട്ടുവിളങ്ങിടും വിമലമാം
മാണിക്യമെന്നാവിധം
ഗുണശ്രീപടുഭാഷകൊണ്ടു മതിയെ
ശുദ്ധീകരിച്ചേററവും
കാണപ്പെട്ടിടുമീസ്സദസ്യരഖിലം
സാരജ്ഞരാണായതോ-
ത്തോണത്തിൻ വരവിൽ കിടാങ്ങളുടെ മ-
ട്ടുള്ളിന്നു തുള്ളുന്നുമേ.

ഇത്രയും യോഗ്യന്മാർ നിറഞ്ഞ ഒരു സദസ്സു കാണ്മാൻ പ്രയാസമാണ്. അതിനാൽ ഈ അവസരത്തെ വെറുതെ കളയാതെ നമ്മുടെ വിദ്യയെ അല്പം പ്രകടിപ്പിക്കുകതന്നെ.

(അണിയറയിലെക്ക നോക്കി)

ആൎയ്യേ! ഇവിടെ വരു.

നടി –(പ്രവേശിച്ച്) ആൎയ്യൻ എന്താണാജ്ഞാപിക്കുന്നത്.

സൂത്ര— ആൎയ്യേ! ഗുണാഗുണനിരൂപണത്തിൽ അതിസമൎത്ഥന്മാരായ മഹാന്മാർ നിറഞ്ഞുള്ള ഈ സഭയെ നാം നമ്മുടെ നാട്യവിദ്യയാൽ അഭിനന്ദിക്കേണം.

നടി— അതിന്നെന്താണ് പ്രയാസം? ശാകുന്തളം, ഉത്തരരാമചരിതം, ആശ്ചൎയ്യചൂഡാമണി മുതലായ തൎജ്ജമനാടകങ്ങളും ഭഗവദ്ദൂത്, ഉമാവിവാഹം, ലക്ഷണാസംഗം മുതലായ കല്പിതനാടകങ്ങളും അഭ്യസിച്ചവരല്ലേ നമ്മുടെ നടന്മാർ? അതിൽ ഏതാണ് വേണ്ടതെന്ന് ആൎയ്യൻ നിയോഗിച്ചാലും.

സൂത്ര— ആൎയ്യേ! ആവക നാടകങ്ങളെല്ലാം പ്രൌഢങ്ങളും സരസങ്ങളുമായിരുന്നാലും പരിഷ്കാരപ്രിയന്മാരായ നമ്മുടെ സദസ്യന്മാൎക്ക ചവ്വിതചൎവ്വണമെന്നപോലെ വീണ്ടും വീണ്ടും അതുകളെത്തന്നെ അഭിനയിച്ചാൽ രുചിക്കുമെന്നു തോന്നുന്നില്ല. എന്നു മാത്രവുമല്ല അതെല്ലാം ഒരു രാത്രികൊണ്ട് ആടി തീൎക്കുവാൻ ഞെരുക്കവുമാണ്. അതുകൊണ്ട് ഈയിടെ ഉണ്ടാക്കീട്ടുള്ള 'കല്യാണീകല്യാണം' എന്ന രൂപകം അഭിനയിക്കുന്നതുകൊള്ളാമെന്നു തോന്നുന്നു.

നടി— ആൎയ്യ! ആരാണിതിൻെറ കൎത്താവ്?

സൂത്ര— ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ എന്ന ആളാണ്.

നടി— ആശ്ച! എന്നാൽ വരട്ടെ. മററെല്ലാ കവികളുടേയും കൃതികൾ ആടിക്കഴിഞ്ഞതിന്നു ശേഷം ഒടുവിൽ ഇതെടുക്കേണ്ടതാണ്.

ആശ്ച! അങ്ങിനെയല്ല. വെള്ളിക്കോൽ എന്നത് ഒരു വെറും ഇരുമ്പു കോലായും "കടലാടി" എന്നു പറയുന്നതു കരയിൽ മാത്രം വളരുന്നതായും ഭവതി കാണുന്നില്ലേ? അതുകൊണ്ടു നാമമാത്രത്താൽ ഭ്രമിച്ചുപോകേണ്ട. എന്നുമാത്രമല്ല അദ്ദേഹം ഒരു ബി. ഏക്കാരനാകയാൽ നമ്മുടെ സദസ്യർക്ക് അദ്ദേഹത്തിന്റെ കൃതിയിൽ പ്രത്യേകതാല്പര്യമുണ്ടാകുവാനും ഇടയുണ്ട്. അതുകൊണ്ട് അതുതന്നെയാകട്ടെ. ഭവതി; ഋതുവർണ്ണന ചെയ്ത് അല്പംപാടുക

നടി— ഏത് ഋതുവിനെയാണ് വർണ്ണിക്കേണ്ടത്?

സൂത്ര— സംശയിപ്പാനുണ്ടോ? ഈ വർഷർത്തുവിനെത്തന്നെ. ഇതു കാണുന്നില്ലേ?

ആകാശത്തിലിരുട്ടടച്ചു, മുകിലിൻ
കൂട്ടം നിരന്നൊത്തുതൻ
പ്രാകാശ്യം വെളിവാക്കുവാനനുവദി-
ക്കുന്നില്ല മാർത്താണ്ഡനെ
കൈകാര്യത്തിനു കേസ്സു നൽകുക വശാൽ
ക്രുദ്ധിച്ചു മൂത്താർ, സുഖ-
ക്കൈകൊട്ടാതെ വിശിഷ്ടനാം മരുമകൻ
തന്നെ കുഴക്കുംവിധം.

നടി— (പാടുന്നു)

ഞെട്ടഞെടയിടിപെട്ടാമട്ടഹാസം മുഴക്കി-
ച്ചുട്ടലതരതടിത്താം ദംഷ്ട്രയൊട്ടൊട്ടു കാട്ടി
കടുജലദശരീരം പൂണ്ടു ലോകം വിറപ്പി-
ച്ചിടുവതിനു വരുന്നു വർഷയാം രാക്ഷസസ്ത്രീ.

(അണിയറയിൽ) ഒരുമ്പെട്ട കഴുവേറി.

നടി— (പരിഭ്രമിച്ച്) അങ്ങുമിങ്ങും നോക്കുന്നു).

സൂത്ര— ആര്യേ! പരിഭ്രമിക്കേണ്ട. ചാത്തുമൂത്താരുടെ വേഷംകെട്ടി അരങ്ങത്തെയ്ക്കുവരുന്ന നടന്റെ ഒച്ചയാണിത്. അവരെല്ലാം തയ്യാറായെന്നു തോന്നുന്നു. നമുക്കും അങ്ങോട്ടു ചെല്ലുക.

(രണ്ടാളും പോയി)

(പ്രസ്താവന കഴിഞ്ഞു)

---

# ഒന്നാംരംഗം

---

(അനന്തരം ക്രോധവിഹ്വലനായ ചാത്തുമൂത്താരും, കരുണാകരക്കുറുപ്പും, ഗോവിന്ദക്കയ്മളും പ്രവേശിക്കുന്നു)

മൂത്താർ — ഒരുമ്പെട്ട കഴുവേറി. അവനിത്രയായോ?

കയ്മൾ— എത്രയാണായത്?

മൂത്താർ— എത്രെ ആയതെന്നോ? മേലും കീഴും ആലോചിക്കാതെ നമ്പ്യകൊണ്ടു കൊടുത്തില്ലേ?

കയ്മൾ— കീഴാലോചിക്കാതിരിക്കുന്നത് ഇവിടുന്നല്ലേ? മേ

ലാലോചിക്കാതെ എന്നു കല്പിച്ചു പറയാം. അതും അദ്ദേഹത്തിന്റെ കാൎയ്യത്തിൽ വച്ചോ.

കറപ്പു — അതു ശരിയാണ്. വ്യവഹാരം കൂടാതെ കഴിക്കണമെന്നു വിചാരിച്ചു പല വഴിയും ശ്രമിച്ചു നോക്കി. ശാഠ്യം വിടാതെ പിടിച്ചതു് ഇവിടുന്നുതന്നെയാണ്.

മൂത്താർ — 'വ്യവഹാരം' എന്നുള്ള ശബ്ദത്തോടു കൂടീട്ടല്ലേ സന്ധ്യ സംസാരിക്കാൻ തുടങ്ങിയതു്. ആ ശബ്ദം പുറപ്പെടാമോ? അതിലാണ് എനിക്കു ദേഷ്യം കലശലായതു്.

കയ്മൾ — അതേ, ഒരു ശബ്ദത്തിൽ ഇത്ര വളരെത്തോന്നിയാൽ അനേകപ്രവൃത്തികളിൽ അവക്കെത്ര ദേഷ്യം തോന്നണം?

മൂത്താർ — ഞാൻ കാരണവനും അവൻ അനന്തിരവനുമല്ലേ?

കയ്മൾ — അതേ. അല്ലെങ്കിൽ ഇവിടുന്നല്ലേ കൈകാൎയ്യം നമ്പ്രു് കൊടുക്കുക?

മൂത്താർ — അതല്ല, ദേഷ്യം ഒപ്പം വരാമോ?

കയ്മൾ — 'ദേഷ്യം' എന്നു പറയുന്നതു് എങ്ങിനെയാണ് വയസ്സോടുകൂടി വളൎന്നുവരുന്ന ഒരു സാധനമാണോ?

കറപ്പു — മററാളെന്താണ് ദേഷ്യം കാണിച്ചതു്?

മൂത്താർ — വ്യവഹാരം കൊടുത്തില്ലേ? ദേഷ്യം വന്നില്ലെങ്കിൽ വ്യവഹാരമുണ്ടോ?

കശ്ശൂറം— അതു ശരിയാണ്. ഇവിടത്തെ ദ്വേഷ്യമാണ് ഈ വ്യവഹാരത്തിന്നു കാരണം.

മൂത്താർ— ഞാൻ അവനെ ബി. എ. ബി. എവരെ പഠിപ്പിച്ചില്ലെ, അതിന്നു ചുരുങ്ങിയത് ഒരു പതിനാറായിരം ഉറുപ്പിക ചിലവില്ലേ?

കറപ്പു— ഇത്ര വളരെ ചിലവുണ്ടോ?

കശ്ശൂറം— അത്ര വളരെ ചിലവുണ്ടായിട്ടല്ല. കൈകാൎയ്യം തുടങ്ങിയതു മുതൽ അനാവശ്യമായി ചിലവായ സംഖ്യ മുഴവൻ പഠി ൻെറ വകയ്ക്ക്. അങ്ങിനെയല്ലെ കണക്ക്.

മൂത്താർ— ചാപ്പമ്മാൻ പറയും, പിള്ളരെ ഇംഗിരീസ്സു പഠിപ്പിക്കരുതെന്നു. അഥവാൽ പഠിപ്പിക്ക്യാണെങ്കിൽ മട്ടിക്ലാസ്സുവരെ.

കശ്ശൂറം— അപ്പോൾ ദീൎഘം കുറച്ച ചാപ്പനായി ഇവിടുന്ന് അല്ലേ?

മൂത്താർ— ചപ്പൻ, ചപ്പൻ, സംശയമില്ല! ഞാൻ സമ്മതിക്കാം. പഠിപ്പിച്ചതുകൊണ്ടുള്ള ദ്വേഷ്യമാണിത്.

കശ്ശൂറം— അദ്ദേഹം പഠിച്ചതുകൊണ്ടല്ല, ഇവിടുന്നു പഠിക്കാത്തതുകൊണ്ടാണ് വൈഷമ്യം.

മൂത്താർ— ഹ, ഹ, ഞാൻ കൂടെ പഠിക്ക്യ അല്ലേ? എന്നാൽ അവൻ കൈകാൎയ്യമൊഴിപ്പിപ്പാൻ നമ്പ്ര് കൊടുത്തതോടുകൂടി, ഒഴിപ്പിക്കാതിരിക്കാൻ ഒരു നമ്പ്ര് ഞാനുംകൂടി കൊടുക്കുമായിരുന്നു. അല്ലേ? എ

നിയ്ക്കു തൻെറ വാക്കു കേറംക്കുമ്പോറം ദേഷ്യവും വ
രുന്നുണ്ട് സന്തോഷവും വരുന്നുണ്ട്.

കയ്യറം— അപ്പോറം എൻെറ വാക്കു "വിരോധാഭാസ"
മാണ്.

മൂത്താർ— വിരോധമല്ല, ആഭാസംതന്നെ.

കയ്യറം— ആഭാസത്തിൽ സന്തോഷം ആൎക്കാണാവോ?

മൂത്താർ— അധികം പറയിക്കല്ലെ.

കയ്യറം—എന്താണ് പറയിച്ചാൽ?

"അമ്മായിയ്യെല്ലാക്കവേണം, കൃഷി, പുര പണവും
പണ്ടവും പാത്രവും കേ-
ളമ്മാനുംനൽകിടാതേപകലിരവുശകാ-
രിച്ചിടുംവീട്ടുകാരെ
അമ്മാമൻകാട്ടുമിപ്പേക്കളികളനവധി-
ച്ചിട്ടകിൽപിള്ളർകൊള്ളാം
തെമ്മാടിക്കൂട്ടരായീചെറുതതിനുചെറു-
ത്തൊന്നുചൊല്ലുന്നതായാൽ.

"പാട്ടംവാങ്ങിക്കുഡുംബച്ചിലവുകറംശരിയായ്
നിൎവ്വഹിക്കേണമല്ലും
നേട്ടംകണ്ടാലതാട്ടത്തിനുമതിനിതിനും
ദ്രവ്യയംചെയ്യുക്കൂടാ
കോട്ടംക്രൂടാതെകാൽവെയ്യുകപഴയ-
വഴിക്കൊന്നുതാളംപിഴച്ചാൽ
ക്രൂട്ടംക്രൂടിക്കലാശക്കളിത്ധടുതികളി-
പ്പിച്ചിടുംകോട്ടരങ്ങിൽ,

മൂത്താർ—തൻെറ ഉദ്ദേശമെന്താ? എനിക്കു ബുദ്ധി ഉപദേശിക്കാനോ? എന്നെ പേടിപ്പിക്കാനൊ?

കയ്മൾ—ഇതുരണ്ടുമല്ല. ഉള്ളതുപറയാനാണ്.

മൂത്താർ—ആട്ടെ തോന്നിയതു പറയൂ. അവൻെറ ഒരു റരം ഞാൻ നിൎത്താം. അതു ഞാൻ വിചാരിച്ചാൽ കഴിയും.

കയ്മൾ—അതെന്താണ് കേൾക്കട്ടെ പറയൂ.

മൂത്താർ—മനസ്സില്ലെങ്കിലൊ?

കയ്മൾ—മനസ്സില്ലെങ്കിലും പറയൂ.

മൂത്താർ—പറയാൻ മനസ്സില്ലെങ്കിലോ?

കയ്മൾ—കേൾക്കാൻ മനസ്സുണ്ടെങ്കിലൊ?

കുറുപ്പ—എന്നോടു പറവാൻ വിരോധമുണ്ടൊ ആവൊ?

മൂത്താർ—കുറുപ്പിനോടു സ്വകാൎയ്യമായി പറയാം. (ചെകിട്ടിൽ സ്വകാൎയ്യം പറയുന്നതായി നടിക്കുന്നു)

കുറുപ്പ—ഛെ! അതു സാഹസമാണ്. ഈ നിസ്സാരകാരണത്താൽ അവൎക്കു മേലാലുണ്ടാകാൻ പോകുന്ന അഭ്യുദയത്തെ തടയുകയൊ?

മൂത്താർ—എന്തഭ്യുദയമാണ് ഈ തെമ്മാടികളെക്കൊണ്ടു ഉണ്ടാവാൻ പോണത്? ഞാൻ തീൎച്ചയാക്കി. ഞാൻ ജീവനോടു കൂടിയിരിക്കുമ്പോൾ സമ്മതിക്കില്ല.

കയ്മൾ—(ആത്മഗതം)

ഈവാക്കെൻകൎണ്ണരന്ധ്രങ്ങളിൽവലിയൊരെഴു-
ത്താണിയായികടന്നു

ശ്രീവായ്ക്കുംസ്നേഹിതന്നിക്കട്ടമൊഴിയൊരിടി-
ത്തിയ്യുമായിബ്ഭവിക്കും
ദൈവാജ്ഞയ്ക്കില്ലനീക്കം, ദ്രഢതയെഴമതി-
പ്രേമവായ്പാൽകുഴങ്ങി-
ച്ചാവാതെ ചാവുമക്കൂട്ടരിൽമലമകളേ!
നീകനിഞ്ഞീടവേണം. ൧

(അണിയറയിൽ) പഴയരി തയ്യാറായി. നേരവും കുറെയായി.

മൂത്താർ—ഞാനിതാവരുന്നു. (മററവരോട്) എന്നാൽ പിന്നെക്കാണാം.

കുറുപ്പും കയ്മളും—അങ്ങിനെതന്നെ.

എല്ലാവരും പോയി.

ഒന്നാം രംഗം കഴിഞ്ഞു.

---

## രണ്ടാം രംഗം.

---

(അനന്തരം വിചാരമഗ്നനായ കൃഷ്ണൻനായർ പ്രവേശിക്കുന്നു

കൃഷ്ണൻനായർ—കാര്യം വലിയ വൈഷമ്യമായി.

ധാരാളംധനമുള്ള വീട്ടിലെയിള-
ങ്കുഞ്ഞുങ്ങളെപ്പട്ടിണി-
ക്കാരായ്കാണ്കെനിമിത്തമുള്ളിലെരിയും
സന്താപവുന്തീയിനാൽ

നേരായ്കാരണവക്കുതെല്ലകനിവു-
ണ്ടായീടുവാനാവതു-
ള്ളോരാമാതിരിയൊക്കനോക്കി, യധുനാ
കച്ചേരിയുംകേറിനാൻ.

എന്തുചെയ്യാം? ദുഷ്കാലവൈഭവമെന്നല്ലാതെ ഒന്നും പറവാനില്ല.

ഉറച്ചുമുതൽകാണ്കയാലതുകരസ്ഥമാക്കീടുവാ-
നുറച്ചുപണിചെയ്കതല്ലതിനുമോഹമില്ലല്പവും
പൊറുപ്പതിനുദുർഘടംപിണകമൂലമമ്മാമനീ
വെറുപ്പുവരുമാറുഞാനിതിനൊരുങ്ങിഹാ! കഷ്ടമേ.

അമ്മാമന്റെ സ്ഥിതിയറിഞ്ഞവരാരും എന്നെ കുററം പറകയില്ല. എങ്കിലും ഗുരുജനദ്രോഹം നിമിത്തം എനിക്കു മനസ്സിന്നു തീരെ സുഖമില്ല. എന്നു മാത്രവുമല്ല, കല്യാണിയെസ്സംബന്ധിച്ച് അമ്മാമൻ ചെയ്ത ഉഗ്രനിശ്ചയം എന്നെ സാമാന്യത്തിലധികം വ്യസനിപ്പിക്കുന്നുമുണ്ട്. ഞങ്ങൾ രണ്ടുപേരിലും അതിവാത്സല്യവും ഞങ്ങളുടെ പ്രേമാവസ്ഥയെക്കുറിച്ച് അറിവും ഉള്ളതുകൊണ്ടു ഇക്കാര്യത്തിന്നു തടസ്ഥം വരുത്തുമെന്ന് ആലോചിച്ചില്ല. എന്തുചെയ്യാം? പ്രതിബന്ധങ്ങൾ വരുന്നത് ആലോചിയാതെയാണല്ലൊ. അല്ലയൊ! പ്രിയതമെ!

കല്യാണിമാരുടെസമയ്യോരുരത്നദീപ
തുല്യാഭപൂണ്ടുവിലസുംമമജീവനാഥെ!
കല്യാണി! നിങ്കഥനിനച്ചുമനസ്സിനുള്ള
ശല്യാതിരേകമുരചെയ്യിലൊടുക്കമില്ല.

പാപത്തിൻശക്തിയാലെൻപ്രണയിനി! ഭവതി-
ക്കെന്നിലിഷ്ടംഭവിച്ചു
താപത്തെത്തന്നെരാവുംപകലുമനുഭവി-
ച്ചീടുവാൻഹേതുവായീ
സ്വാപത്തിൽപോലുമീനമ്മളിലലിവുപുരാ
പൂണ്ടോരാമാതുലൻതൻ
കോപത്തീയിൽദഹിക്കുംശലഭയുഗളമായ്
തീർന്നനാംരണ്ടുപേരും. ൧൧

ഇതുവേണമെങ്കിൽ ഈശ്വരേച്ഛയാണെന്നു പറയാം. അല്ലെങ്കിൽ എന്തിന്?

ശ്രീമത്തായിപ്രകൃത്യാതരുണതരുണിമാ-
ക്കങ്കുരിക്കുന്നഗാഢ
പ്രേമത്തിൻപോക്കിലെന്തെങ്കിലുമപകടമെ-
ന്നതുഭവിക്കാതിരിക്കാ
കേമത്തംകൂട്ടുമാംഗ്ലേയകസുകവിവരൻ
ചൊന്നൊരീവാക്കിന്നർത്ഥം
നാമത്യന്തംപണിപ്പെട്ടനുദിനമറിയാ-
റായിതെന്നായതാക്ഷി! ൧൨

ഹാ കഷ്ടം! ജീവിതകാലത്തിൽ സുഖത്തെക്കാൾ ദുഃഖം ഏറുമെന്നും അതിനാൽ ജീവിച്ചിരിക്കുന്നതു ഭോഷത്വമാണെന്നും ഒരുവക തത്വജ്ഞന്മാർ പറയുന്നതു തീരെ അബദ്ധമല്ല.

(ഒരു വാലിയക്കാരൻ പ്രവേശിച്ചു ഒരെഴുത്തു കൊടുക്കുന്നു.)

കൃഷ്ണൻനായർ —(എഴുത്തുവാങ്ങി) നീ പൊയ്ക്കൊൾക.

വാലിയക്കാരൻ—മറുപടി വാങ്ങിക്കൊണ്ടു വരേണമെന്നേല്പിച്ചിട്ടുണ്ട്.

കൃഷ്ണ—മറുപടി, ഞാൻ സാവധാനത്തിൽ അയച്ചുകൊള്ളാം.

വാലിയ—അങ്ങിനെതന്നെ. (എന്നുപോയി)

കൃഷ്ണ—(എഴുത്തു തുറന്നു വായിക്കുന്നു)

"കൈവിറയാൽ എഴുതുവാനും, ഇടവിടാതെ വീഴുന്ന കണ്ണീരാൽ എഴുതുന്നതു വായിപ്പാനും സാധിക്കുന്നില്ല. നിശ്ചയത്തിൻെറ പ്രകൃതം കേട്ടിരിക്കുമല്ലൊ. ദിവസംതോറും നിശ്ചയത്തിന്നു ശക്തി കൂടിവരുന്നു. തമ്മിൽ കാണുകയും സംസാരിക്കുകയും തീരെ വിരോധിക്കപ്പെട്ടിരിക്കുന്നു. യാതൊന്നിനായി ഞാൻ ജീവിച്ചിരിക്കുന്നുവോ, യാതൊന്നുകൊണ്ടുഞാൻ ജീവസന്ധാരണം ചെയ്യുന്നുവൊ അതിന്നു തടസ്ഥംവന്നാൽ പിന്നത്തെക്കഥ എഴുതണമെന്നില്ലല്ലൊ. ഇനി എന്താണാശ്ലാഘിക്കുന്നത്? നേത്രശ്രോത്രേന്ദ്രിയങ്ങൾക്കുള്ള സുഖവും നിന്നു, പഞ്ചേന്ദ്രിയങ്ങളും നിഗ്രഹിക്കപ്പെട്ടു. ഇനി മോക്ഷമടയുവാൻ അനുവാദം മാത്രം കിട്ടിയാൽ മതി. അധികം എഴുതുവാൻ വയ്യ, ശേഷം മറുപടിപോലെ.

സ്വന്തം കല്യാണി."

അയ്യോ കഷ്ടം! എന്താണിനി നിവൃത്തി.

തേനേന്തുംവാണിയാളേ! ഭവതിയുടെപിതാ-
വെന്നിനിദ്വേഷമായീ,
ഞാനെന്തിന്നീദ്ദുരാത്മാവിന്നുമരുമകനാ-
യെന്തിനീഭ്രാന്തുനമ്മിൽ?

സാനന്ദം നിന്മുഖപ്പൂങ്കുളുർമതിചൊരിയും
 പുഞ്ചിരിപ്പൂനിലാവെ-
പ്പാനംചെയ്യാതിരുന്നാൽമമനയനചകോ
 രത്തിനെന്താണുസൌഖ്യം ൩൨

മന്മഥജൃംഭരസായനാധരസുധയ്ക്കൊ-
 നിക്കുകൊതിയില്ലെടോ!
നിന്മനോജ്ഞതമൃദുമെയ്തൊടേണ്ട,മധുരോക്തി
 കേൾക്കയുമൊഴിച്ചിടാം
എന്മനസ്സിനി!ത്വദ്ദർശനസുഖരതി-
 നംവിഷമമാകിലി-
ജ്ജന്മമെന്തിനുവഹിച്ചിടുന്നുചുമടേററി-
 ട്ടുംകഴുതപോലെഞാൻ? ൩൪

(അണിയറയിൽ)

അയ്യോ കഴുതയോടുപമിക്കല്ലേ. (അനന്തരം കയ്യാം പ്രവേശിച്ചു സലാംചെയ്തു കൈകൊട്ടിച്ചിരിക്കുന്നു)

കൃഷ്ണ— കഴുതയോടുപമിച്ചാലെന്തുമേദോഷമില്ലാ
 മുഴമതിമുഖിയാൾതൻകാഴ്ചയുംപൂജ്യമായി
 കഴുതയുടെകണക്കേകഴകല്ലാതെയെന്തി-
 പ്പോഴുതൊരുഗതിയുള്ളൂ? ഹന്ത!മേബന്ധുമൌലേ

കയ്യാം—(പരിഭ്രമം നടിച്ചു) എന്തേ അവരുടെ കണ്ണിനു പററിയതു്?

കൃഷ്ണ—കണ്ണിനു വല്ലതും പററി എന്നു ഞാൻ പറഞ്ഞുവൊ?

കയ്യാം—"കാഴ്ചയുംപൂജ്യമായി" എന്നല്ലേ പറഞ്ഞതു്?

കൃഷ്ണ—ആഹാ! അതിന്നത്ഥം അതാണൊ? അവരെ കാണ്മാൻ സൌകൎയ്യമില്ലാതായി എന്നല്ലെ?

കസ്തൂ—അത്രയേ ഉള്ളുവോ? ഞാൻ വല്ലാതെ പരിഭ്രമിച്ചു.

കൃഷ്ണ—തന്റെ ബുദ്ധി അപകടത്തിലാണല്ലൊ അധികം ചെല്ലുക.

കസ്തൂ—പിന്നെയെന്താണ്? കടത്തിലാണോ ചെല്ലേണ്ടത്? അതുമല്ല. അപകടത്തിലേ എല്ലാവരുടേയും ബുദ്ധി ചെന്നു ചാടാറുള്ളു.

കൃഷ്ണ—ശരിയാണ് സ്നേഹിത! ഇനിയെന്താണ് നിവൃത്തി?

കസ്തൂ—ഇനിയെന്താ? തത്രഭവാൻ ദുഷ്ഷന്തനായി. തത്രഭവതി ശകുന്തളയായി (ഞാനും ഒരു തത്ര എടുത്തോട്ടെ) തത്ര ഞാൻ മാഢവ്യനായി. ഇനി കോണിപ്പടിയിലേക്കു വഴികാണിപ്പാൻ ഒരു വേത്രവതിയും, ഒരു പട്ടാണിച്ചിയും, ഒരു മുദ്രമോതിരവും, ഒരു ചിത്രവും, ഒരംഗോജവും, അതിനകത്തടച്ചു തടവിൽ പാൎപ്പിക്കുവാൻ ഒരു ബംഭരവും, ഒരുമേഘമാളികപ്പുറവുമുണ്ടായാൽ മുഴുത്തശാകുന്തളമായി. ഇന്ദ്രദൂതൻ തേരുംകൊണ്ടു വരികയായി. ഉടലോടെ സ്വൎഗ്ഗത്തിൽ പ്രവേശിക്കുകയുമായി.

കൃഷ്ണ—ഇന്ദ്രദൂതന്റെ വരവും സ്വൎഗ്ഗപ്രവേശനവും ഒരു സമയം ഉണ്ടാവും.

കസ്തൂ—മൎയ്യാദയ്ക്കു മരിച്ചെങ്കിലല്ലേ സ്വൎഗ്ഗത്തിൽ പ്രവേശം കിട്ടുകയുള്ളു?

കൃഷ്ണ—ഞാൻ ആത്മഹത്യ ചെയ്യാൻ പോകുന്നു എന്നു പറകയുണ്ടായൊ? മനോവിഷാദത്തിന്റെ കാഠി

ന്യത്താൽ എണ്ണയില്ലാത്ത തിരിപോലെ താനേ ക്ഷയിക്കും.

കസ്തൂരം—ഉപമ എനിക്കു പിന്നെയും പിടിച്ചില്ല. തിരികെടുന്നത് എണ്ണയില്ലാഞ്ഞിട്ട്. മററതു വ്യസനം ഉണ്ടായിട്ട്. രണ്ടുംക്രൂടി ചേൎത്തതു നന്നായില്ല, "കൊടുങ്കാററടിച്ചിട്ട്" എന്നോ മറെറാ ആയാൽ നന്ന്.

കൃഷ്ണ—എങ്ങിനെയെങ്കിലും ആകുന്നതിന്നു വിരോധമില്ല. ഞാനൊന്നുരച്ചു.

കസ്തൂരം—അതെന്താണ്?

കൃഷ്ണ—

സ്ഫുടപ്രേമസ്ത്രീവാണരുളുമവരുംതന്നാസ്യനളിനം
കിടയ്ക്കാതെൻകണ്ണാമളിയുഗമിത്രത്തില്ലിവിടെ മാം
ഉടൻചത്തീടാനും വിഷമ, മതിനാൽ വല്ല വഴിയും
നടക്കാം, സഞ്ചാരപ്പെട്ടുമിവനു സഞ്ചാരമൃതകം. ൨൩
താങ്കൾക്രൂടി ഉണ്ടെങ്കിൽ രസമായി.

കസ്തൂരം— ക്രൂമ്പുനുള്ളിയ ചെടിക്കു തുല്യവും
പാമ്പുചത്ത കുറവന്റെ മട്ടിലും
ഞാമ്പുകഞ്ഞെരിയുമല്ലലാണ്ടുക-
ക്കാമ്പുചേന്ന സഖി പോയ്ക്കുസിക്കമോ? ൨൪
അതുകൊണ്ട് ഞാനാണ് മുമ്പെ നടക്കാൻ.

എന്നാൽ ആ സാധു—

കൃഷ്ണ— ഏ. അതു വിചാരിപ്പാനില്ല.

ഈശാൎദ്ധമേനി വിഭജിച്ചൊരു ദേവിതന്റെ
കേശാദിപാദവു, മട്ടത്തവർ തൻ വപുസ്സും
ദേശാന്തരസ്ഥനിവനിൽ ദൃഢരാഗവാത്സ്യ-
മാശാന്തബന്ധവുമവൎക്കുതുണയ്ക്കു നിൽക്കും. ൨൭

നമുക്കു നാളെത്തന്നെ പോകണം.

കയ്മൾ — ഞാൻ ഇന്നു രാത്രിതന്നെ അങ്ങോട്ടു വരുന്നുണ്ടാം.

കൃഷ്ണ — എന്നാൽ അങ്ങിനെയാകട്ടെ.

(രണ്ടു പേരും പോയി)

രണ്ടാം രംഗം കഴിഞ്ഞു.

---

## മൂന്നാം രംഗം

---

(അനന്തരം ചാത്തുമൂത്താരും, കരഞ്ഞുംകൊണ്ടു കല്യാണിയും പ്രവേശിക്കുന്നു)

കല്യാണി — അച്ഛാ! അച്ഛൻ കാരണമായിട്ടല്ലെ അദ്ദേഹം പോയതു്?

മൂത്താർ — മകളേ! എന്താണിത്ര വ്യസനിപ്പാനുള്ളതു്? പോയവൻ തിരിച്ചുവരാതിരിക്കുമോ?

കല്യാ — അച്ഛന്നു് എന്നെ ഇഷ്ടമില്ലാഞ്ഞിട്ടല്ലെ പറഞ്ഞയച്ചതു്?

മൂത്താർ — തൽക്കാലത്തെ ദ്വേഷ്യംകൊണ്ടങ്ങിനെയൊക്കെപ്പറഞ്ഞു എന്നേ ഉള്ളു. അവൻ ചാടിപ്പോ

കമെന്നു ഞാൻ വിചാരിച്ചില്ല. പോയപ്പോളെ
ല്ലാം എനിക്കു വേണ്ടിരുന്നില്ല എന്നു തോന്നി.

കല്യാ— ഞാൻ അച്ഛനോട് എത്ര അപേക്ഷിച്ചു പറ
ഞ്ഞു. എന്നിട്ടും അച്ഛൻ കൈക്കൊണ്ടില്ലല്ലോ

മൂത്താർ— എന്റെ പേരിൽ അന്യായം കൊടുത്തില്ലേ?
അത് അവനു ചെയ്യോ?.

കല്യാ—വെറുതെയാണോ അച്ഛാ കൊടുത്തത്?

മൂത്താർ—അല്ലാ, വിലയ്ക്ക്. പോയതു നന്നായി. തെ
ണ്ടിത്തിരിഞ്ഞു പട്ടിണികിടന്നു പല്ലിളിക്കുമ്പോൾ
ഇവിടെ വരും.

(അണിയറയിൽ)

തുകട്ടേരക്തവർഷം ഘനനിര, ഗഗനം
വിട്ടുചന്ദ്രാർക്കരെങ്ങാ-
പോകട്ടേ, കാററടിച്ചിട്ടുഡുതതിയുതിര-
ട്ടേ, ഇടിത്തീവിഴട്ടേ
ചാകട്ടേ ജീവജാലം മുഴുവനുമൊരുമി-
ച്ചാര്യനാംകൃഷ്ണനാമാ-
ഹാകഷ്ടം! പ്ലേഗുപെട്ടിട്ടവനിതലമപേ-
ക്ഷിച്ചു, ഭാഗ്യംക്ഷയിച്ചു. (൩൯)

കല്യാണിയും മൂത്താരും—അയ്യോ കഷ്ടം! അയ്യോ കഷ്ടം!

(പിന്നേയും അണിയറയിൽ)

വല്ലാതുള്ളൊരു രോഗമെങ്കിലുമതി-
സ്നേഹംവശാൽ കയ്മൾതാ-
നെല്ലായ്പ്പോഴുമടുത്തിരുന്നു പലതും
ശുശ്രൂഷചെയ്തീടിനാൻ

എല്ലാം നിഷ്ഫലമായ് ഭവിച്ചു, സതതം
കല്യാണി! കല്യാണി! യെ-
ന്നല്ലാതില്ലൊരുനാമമിത്രവളരെ
പ്രേമക്കൊഴുപ്പാക്കഹോ!

കല്യാണി—അയ്യൊ! (എന്നു മോഹിക്കുന്നു)

മൂത്താർ—എന്റെ മകളേ! വ്യസനിക്കരുതെ. എന്റെ തലയിൽ ഇടത്തീ വിഴട്ടെ. അല്ലാതെ എന്തു പറയേണ്ടു? കുട്ടി! എണീക്കൂ! (എന്നു വീശുന്നു)

(പിന്നേയും അണിയറയിൽ)

"ഇമ്പത്തോടൊത്തു ബാല്യംമുതലിതുവരെയും
സച്ചരിത്രവർഷിച്ചുവില്ല്യാ
സമ്പത്തുണ്ടാക്കിവെച്ചു ശിവശിവ! ഗുരുവാം
മാതുലൻ സാധുശീലൻ
കമ്പത്താൽ ഞാൻ കുറഞ്ഞൊന്നവിഹിതമവിട-
യ്ക്കാചരിച്ചു, നിമാനീം
തമ്പത്തൊക്കുന്നു, മാപ്പേകുക കനകരുണ"മെ-
ന്നോതിനാൻ മൂന്നുവട്ടം. (൮-ം)

മൂത്താർ—അയ്യോ! (എന്നു മോഹിക്കുന്നു)

(കുറപ്പു പെട്ടെന്നു പ്രവേശിച്ചു വെള്ളമെടുത്തു രണ്ടുപേരുടേയും മുഖത്തു തളിക്കുന്നു)

(രണ്ടാളും എഴുന്നേററിരിക്കുന്നു. കുറപ്പും ഇരിക്കുന്നു)

കല്യാണി—"ഒടുക്കത്തെ എഴുത്ത്" എന്നു പറഞ്ഞതു പോലെ തന്നെ ഫലിച്ചുവല്ലോ.

മൂത്താർ—എന്റെ ദൈവങ്ങളേ! എന്റെ തലകൂടി തെറിപ്പിക്കണെ.

(പിന്നെയും അണിയായിൽ)

ധീരത്വത്തൊടുറക്കമൂണുകളിയെ-
ന്നെല്ലാം വെടിഞ്ഞെപ്പൊഴും
ചാരത്തങ്ങിനെ പാർത്തുതാൻ പരിചരി-
ച്ചീടും ഫദികൊയ്യയാൽ
ഘോരത്തുള്ളികണക്കു ബാഷ്പനിവഹം
തൂകിസ്സശോകം ഹരി-
ദ്വാരത്തേക്കു നടന്നുകയ്യാറം കടുതാ-
യീടും തപംചെയ്യുവാൻ. (൨൨)

കല്യാണി—എനിക്കു സാധിക്കാത്ത ഭാഗ്യം കയ്മാറംക്കുണ്ടാ യല്ലൊ. ഭാഗ്യവാൻ.

മൂത്താർ—കഷ്ടം! കയ്മാറം എത്ര ചാലാണ് എൻെറ അടു ക്കൽ നടന്നിട്ടുള്ളത്. ഉത്തമസ്നേഹിതൻെറ ലക്ഷ ണം ഇതുതന്നെയാണ്.

(പിന്നെയും അണിയായിൽ)

പോകുമ്പോൾ ദൈവഗത്യാ വഴിയുടെ നടുവേ
ഞങ്ങളെക്കണ്ടുമുട്ടീ
തൂകുംകണ്ണീരുമായിച്ചരിതമഖിലവും
ഞങ്ങളോടോതിമെല്ലേ
ആകുന്നെന്നാകിലീവസ്തുതയിവിടമണ-
ഞ്ഞോതുവാനും പറഞ്ഞു
പോകുന്നുഞങ്ങളീസ്സങ്കടകഥകഥനം
ചെയ്യുനാവും കുഴഞ്ഞു. (൨൩)

കല്യാണി—അച്ഛ! അവർ പോകുന്നതിന്നു മുമ്പായി എ നിക്കൊന്നു കണ്ടു കുറേക്കൂടി വത്തമാനം ചോദിച്ച റിവാനുണ്ട്. ഞാൻ പോകുന്നു.

മൂത്താർ—വേണെങ്കിൽ അവരെ ഇങ്ങോട്ടു വരുത്താലൊ.

കല്യാണി—അതുവേണ്ടാ ഞാനങ്ങോട്ടുപൊയ്ക്കോളാം.

മൂത്താർ—അങ്ങിനെതന്നെ.

(കല്യാണി പോയി)

മൂത്താർ—കരുപ്പേ! 'ആപത്തുവന്നത്തിട്ടുന്നനേരത്തു ശോചിക്കയില്ലെടോ സജ്ജനഭാഷിതം' എന്നു പറഞ്ഞതു ശരിയാണ്. അല്ലെങ്കിൽ നിങ്ങളെല്ലാം അന്നെത്ര പറഞ്ഞു. ആരേയും കുററം പറഞ്ഞിട്ടു കാൎയ്യമില്ല. അവന്നിപ്പോൾ ഒരു ദശാന്ത്യമാണ്. രാഹുവെച്ച വ്യാഴം എടുക്കുകയാണ്. കുറെ അസാദ്ധ്യമാണെന്നു മൂത്തപണിക്കർ തന്നെ പറഞ്ഞിട്ടുണ്ട്. അവന്റെ തള്ള അതു കേട്ടിട്ടുള്ള ആധിയാൽതന്നെയാണ് തീൎന്നുപോയത്.

കരുപ്പ്—കൎമ്മമററല്ലാതെ ചാവില്ല. അതിന്നു സംശയമില്ല.

മൂത്താർ—അതു ശരിയാണ്. എങ്കിലും ഞാനൊരു മഹാപാപിയായിത്തീൎന്നു. അതു തീരണമെങ്കിൽ ഒരു ഗംഗാസ്നാനവും ഒരു സേതുസ്നാനവും കഴിക്കണം.

കരുപ്പ്—അതേതായാലും നന്ന്.

മൂത്താർ—എന്നാൽ പുറപ്പെട്ടോളു. ശൂന്യം കഴിഞ്ഞാൽ യാത്രനിശ്ചയം.

കരുപ്പ്—ഓ ഹോ ഞാനൊരുക്കമാണ്.

മൂത്താർ—ഇതിനെപ്പററി പിന്നെപ്പറയാം. ഞാനങ്ങോട്ടു ചെല്ലട്ടെ, കുട്ടി വ്യസനിക്കാതെ നോക്കട്ടെ.

(രണ്ടാളും പോയി)

൩൦– രംഗം കഴിഞ്ഞു.

# നാലാം രംഗം

(അനന്തരം കുറുപ്പു പ്രവേശിക്കുന്നു)

കുറുപ്പ്—

എല്ലാദിക്കുമടിച്ചുതേച്ചുവഴിയിൽ
പുല്ലാകവേ ചെത്തിയെ-
ന്നല്ലാ വെങ്കിളിയിട്ടു ഭിത്തിമതിലെ-
ന്നെല്ലാം വെളുപ്പിച്ചുതേ
കല്യാണാംഗികൾ ചാർത്തിടുന്നമകുട-
ക്കല്ലായ് വിളങ്ങീടുമ-
ക്കല്യാണിക്കു വരൻവരും പുടമുറിക്ക-
ല്യാണമിന്നാണഹോ!

കഷ്ടം ഈ കുട്ടിയുടെ ബുദ്ധി ഇത്ര പകച്ചുപോയല്ലോ.

ആറാംമാസം മുതൽക്കിശ്ശിശുവിനു പതിനാ-
റാം വയസ്സാകുവോളം
ക്രൂരാമാററിൽകുളിപ്പിച്ചൊരുശുഭമതിതൻ
നായർ കായം വെടിഞ്ഞു
ആറാംമാസംകഴിഞ്ഞീലിനിയുമതിനുമു-
മ്പീക്കയൽകണ്ണി ദേഹം
തീരായന്യനുനൽകുന്നിതു തരുണികൾതൻ
ചിത്തമത്യുഗ്രവജ്രം.

കഠിനഹൃദയനായ കാരണവർകൂടി ആ യുവാവി നെ ഓർത്ത് മൂന്നും കണ്ണീരുവാർത്തുകൊണ്ടിരിക്കുന്നു. ആ വ്യസനംകൊണ്ടുതന്നെ പുതിയ മണവാളന്റെ മുഖത്തു താൻ നോക്കുന്നതല്ലെന്ന് ആ വൃദ്ധൻ ശപഥം ചെയ്തതും ഈ പെണ്ണിന്റെ മനസ്സ് ഇങ്ങിനെ മറിഞ്ഞതുംകൂടി ആലോചിക്കുമ്പോൾ അത്യത്ഭുതം തോന്നുന്നു. എനിക്കു തന്നെ ഈ കല്യാണത്തിൽ പങ്കുകൊള്ളുവാൻ ഒട്ടും മന സ്സില്ല. മൂത്താരുടെ വേഴ്ചകൂ കൂടാതെ കഴികയില്ലല്ലൊ. ഏതായാലും മൂത്താരുടെ അടുക്കൽ ചെല്ലുകതന്നെ. (പു റത്തിനടന്ന് നേരെ നോക്കി) ഇതാ—

മൂത്താർകീഴ്പ്പോട്ടുനോക്കി സ്ഥിരമതിയൊടിരി-
ക്കുന്നു തന്പുത്രിതാനും
മൂത്താളും മോദമോടും പലപല വിധമാം
മോടിയാം ധാടിയോടും
ഒത്തൊവെത്തുന്നതുംകാത്തിളകിനമിഴിയും
പൂണ്ടുനിൽക്കുന്നു ചാരേ
സത്തായീടും പഠിപ്പുള്ളബലകളുമിതിൻ
മട്ടുകാട്ടുന്നുവെല്ലൊ.

(പറഞ്ഞപ്രകാരം മൂത്താരും കല്യാണിയും പ്രവേശിക്കുന്നു)

കുറുപ്പ്—(അടുത്തുചെന്ന്) എന്താ? എത്തിക്കഴിഞ്ഞില്ലാ അല്ലെ?

മൂത്താർ—എന്നോടൊന്നും ചോദിക്കല്ലെ. എനിക്കു സ മയം അടുത്തുവരുന്തോറും വ്യസനം വർദ്ധിച്ചു വരുന്നു.

കല്യാണി—(ആത്മഗതം) അച്ഛന്ന് അദ്ദേഹത്തിലുള്ള വാത്സല്യം ഇപ്പോഴേ വെളിപ്പെട്ടുള്ളൂ. യഥാർത്ഥമാ യസ്നേഹം ആപത്തിങ്കലാണല്ലൊ പ്രത്യക്ഷപ്പെടുക.

കുറുപ്പ്—കുട്ടിക്കു വലിയ സുഖക്കേടൊന്നുമില്ലാത്തതുതന്നെ നമുക്കു സമാധാനം.

മൂത്താർ—അവൾക്കെന്താ? കുറെ നാൾ ഒന്നിച്ചു കളിച്ചു നടന്നു. അത്രയല്ലെ ഉള്ളു? പോയതൊക്കെ എനിക്കുതന്നെ.

കല്യാണി—(വ്യസനകോപങ്ങളോടുകൂടി നെടുവീർപ്പിട്ട്) അച്ഛാ! എന്നെ അകാരണമായി ശകാരിക്കരുത്. ഇത്ര അന്തസ്സാരമില്ലാത്തവളാണ് അച്ഛന്റെ മകൾ എന്നും വിചാരിക്കരുത്. ഞാൻ ഇജ്ജന്മം അന്യപുരുഷനെ സ്വീകരിക്കുക എന്നുള്ളതുണ്ടാകുമോ?

മൂത്താർ—(പരിഭ്രമിച്ച്) പിന്നെ എന്താണ് നീ ഭാവം?

കല്യാണി—ഞാൻ ഉള്ളതു പറയാം. പ്രകൃത്യാ ശുദ്ധാത്മാവായ അച്ഛനു ഞങ്ങളിലുണ്ടായിരുന്ന അതിവാത്സല്യമെല്ലാം ഞങ്ങളുടെ ഭാഗ്യദോഷത്താൽ ഇല്ലാതായിഇവിരോധവ്രതമാചരിച്ചതിനെ ഭേദപ്പെടുത്തി പൂർവ്വസ്ഥിതിപോലെയാക്കുവാൻ ഒരു സൂത്രം പ്രയോഗിച്ചതാണ്. അച്ഛന്റെ മരുമകനു യാതൊരു ദേകടം വന്നിട്ടില്ല. അദ്ദേഹവും കയ്മളും ഇന്നത്തെ വണ്ടിക്കിറങ്ങി തോപ്പിൽ മഠത്തിൽ ഇരിപ്പുണ്ട്. അച്ഛൻ പ്രസാദിച്ചാൽ ഇപ്പോൾ ഇവിടെ വരും. ആ വഴിയാത്രക്കാരുടെ കയ്യിൽ വിവരമായൊരെഴുത്തു കൊടുത്തയച്ചിട്ടില്ലായിരുന്നു എങ്കിൽ എന്റെ കഥ അന്നുതന്നെ അവസാനിക്കുമായിരുന്നു.

വല്ലാതെയച്ഛനു വളന്നോരു വത്സലത്വം
നില്ലാതെദപായത്തു തിരിച്ചു വരുത്തിവെപ്പാൻ

വല്ലായ്മയെങ്കിലുമതിങ്ങിനെ ചെയ്തു ഞങ്ങ-
ളെല്ലാം പൊറുത്തു ജനകൻ കനിയേണമിപ്പോൾ
(എന്നു കരഞ്ഞുകൊണ്ടു കാക്കൽ വീഴുന്നു)

മൂത്താർ— (കല്യാണിയെ പിടിച്ചെഴുന്നേൽപ്പിച്ച്) മക്കളേ! ഇതെല്ലാം നേരാണൊ?

കല്യാണി—അതെ അച്ഛാ!

മൂത്താർ—എൻെറ കുട്ടൻ ജീവിച്ചു.

* * * * *

മൂത്താർ—തോപ്പിൽ മഠത്തിൽ പോയി അവിടെ ഇരിക്കുന്നവരെ ഇങ്ങോട്ടു ക്ഷണിച്ചുകൊണ്ടുവാ.

വാലിയക്കാരൻ— കയ്മളും കൊച്ചുമാനും പടിപ്പുരയിലുണ്ട്.

മൂത്താർ—ഇങ്ങട്ട് വരാൻ പറ.

(വാലിയക്കാരൻ പോയി)

കുറുപ്പ്—(ആത്മഗതം)

ചാരിത്രത്തികവിൻെറസത്തൊരു വധൂ-
വേഷംധരിച്ചുള്ളൊരി-
ത്താരിത്തേൻമൊഴിയെക്കുറിച്ചുവെറുതേ
ദ്ദോഷ്യം വിചാരിച്ചുഞാൻ
പാരിൽ ബുദ്ധികുറഞ്ഞകൂട്ടരിതുപോ-
ലാകുന്നു സന്മാർഗ്ഗിതൻ
പേരിൽകുററമണച്ചുവെപ്പതു വൃഥാ
സൂക്ഷ്മം ധരിക്കാതഹോ.

(സ്പഷ്ടം) അല്ലയോ ഗുണശാലിനി! ഞാൻ ഭവതിയെക്കുറിച്ച് അല്പം തെററിദ്ധരിച്ചുപോയി. അതിന്നു മാപ്പുതരണം.

കല്യാണി—ആ തെററിദ്ധാരണയ്ക്കു കാരണം ഞാനീസം

ഗതി വെളിപ്പെടുത്താതിരുന്നതല്ലെ? അതുകൊണ്ടു ഞാനാണ് മാപ്പുചോദിക്കേണ്ടത്.

(അനന്തരം കസ്തൂരിം കൃഷ്ണൻനായരും പ്രവേശിക്കുന്നു)

കല്യാണി—(സന്തോഷലജ്ജാസംഭ്രമങ്ങളോടുകൂടി അല്പം അകന്നുനില്ക്കുന്നു)

കൃഷ്ണ—(മൂത്താരുടെ കാക്കൽ വീണിട്ട്)

അപകടവഴികാട്ടും യൌവനത്തള്ളലിൽപെ-
ട്ടപനയമവിടുത്തോടല്പമൊന്നാചരിച്ചേൻ
കൃപയൊടതുപൊറുത്തെൻമാതുലൻകയ്യുരണ്ടും
സപദിമമശിരസ്സിൽ ചേർത്തുരക്ഷിച്ചിടേണം.

മൂത്താർ—(കൃഷ്ണൻനായരെ പിടിച്ചെഴുന്നേല്പിച്ചു തലയിൽ കയ്യുവെച്ചു കണ്ണീരോടുകൂടി) എന്റെ കുട്ടാ! ഞാൻ നിന്നെ നല്ലവണ്ണമൊന്നു കാണട്ടെ. നിന്റെ സകല തെററിനും നീ അപേക്ഷിക്കുന്നതിന്നു മുമ്പേ തന്നെ ഞാൻ മാപ്പുതന്നിരിക്കുന്നു. ഇനി എന്നെ ഇൗ വയസ്സുകാലത്തു വിട്ടുപിരിയാഞ്ഞാൽ മതി.

കസ്തൂരി—(ആത്മഗതം) ഞാൻ അന്നു പറഞ്ഞതു കേൾക്കാഞ്ഞിട്ടല്ലെ ഇൗ കണ്ണീരൊക്കെ അനാവശ്യമായി ചിലവായത്?

കുറുപ്പ്—ഇപ്പോഴെ എനിക്കു സമാധാനമായുള്ളൂ.

കസ്തൂരി—എപ്പോഴും, ഇവരൊക്കെ കരഞ്ഞപ്പോഴൊ?

(അണിയറയിൽ)

ദേശത്തു പ്രമാണികളും മററും എത്തിയിരിക്കുന്നു. കൃഷ്ണൻനായരെ കാണ്മാൻ പല സ്നേഹിതന്മാരും ധൃതിപ്പെടുന്നു. ഇങ്ങോട്ടു വരാറായില്ലെ?

മൂത്താർ—എന്നാൽ നമുക്കിനി അങ്ങോട്ടു ചെല്ലുക.

(എല്ലാവരും പുറത്തിറങ്ങുന്നു)

മൂത്താർ—കുട്ടാ, എനിക്കു പ്രായാധിക്യമായി. അങ്ങോട്ടു പോവാനുള്ള വഴി വല്ലതും നോക്കണ്ടെ? കാര്യമെല്ലാം നിന്നെ ഏല്പിച്ചിരിക്കുന്നു. എല്ലാം നല്ലവണ്ണം നോക്കി ഇവരെ വ്യസനിപ്പിക്കുകയും അരുത്.

കൃഷ്ണ—അമ്മാമന്റെ അനുഗ്രഹത്താൽ എല്ലാം വേണ്ടതുപോലെയാവും.

കസ്തൂ—അമ്മാമൻ എനി എന്തൊരിഷ്ടമാണ് അങ്ങയ്ക്കു ചെയ്യേണ്ടത്.

കൃഷ്ണ—ഇതിൽപരമായി ഒന്നും ചെയ്യേണ്ടതില്ലാ. എങ്കിലും ഇതിരിക്കട്ടെ.

(ഭരതവാക്യം)

തങ്കുഡുംബപരിരക്ഷചെയ്തുവഴിപോലെ
കാരണവർ വാഴണം
ഇങ്കുവീട്ടുമരുമക്കൾമൂത്തവരിൽ നല്ലൊ-
രുക്കമൊടിരിക്കണം
തങ്കമാദരവുമാതൃഭാഷയൊടു ഗുണ
ഭാരതി പഠിച്ചവ-
ർക്കങ്കുരിക്കണ, മഹേന്ദ്രനന്ദിനിയനല്പ
ഭവ്യമരുളീടണം.

(എല്ലാവരും പോയി)

(...ാം രംഗം കഴിഞ്ഞു)

...്യാണം നാടകം സമാപ്തം.

ശുഭമസ്തു.

MUL
041952

2 - JUN 1938

032:1M70:11 F2

KALYANI KALYANAM

KUNJI KRISHNA MENON

Indic Digital Archive Foundation

gpura.org